# ചരക്കു സേവന നികുതി - ഒരു അവലോകനം

## ചരക്കു സേവന നികുതി (GST)

**1.** പ്രയോജനങ്ങൾ:

1. രാജ്യത്തിൻറ്റെ മൊത്തം പുരോഗതി എന്ന ആശയമാണ് ചരക്ക് സേവന നികുതി വിഭാവനം ചെയ്യുന്നത്. ഇതിൽ പങ്കാളിത്തമുള്ള വ്യവസായങ്ങൾ, ഗവണ്മെന്റ്, ഉപഭോക്താക്കൾ എന്നിവർക്കെല്ലാം അത് പ്രയോജനപ്രദമായിരിക്കും. സാധനങ്ങളുടെയും സേവനങ്ങളുടെയും വില കുറയുകയും സാമ്പത്തിക മേഖലക്ക് ഉത്തേജനം നൽകുകയും, സാധനങ്ങളെയും സേവനങ്ങളെയും ആഗോളതലത്തിലുള്ള മത്സരത്തിന് പ്രാപ്തമാക്കുകയും ചെയ്യും. ഇന്ത്യയെ സാമ്പത്തിക വേലി കെട്ടുകളില്ലാത്ത, ഏകീകൃത നികുതി നിരക്കുകളും ഒരേ നടപടിക്രമങ്ങളും ഉള്ള ഒരു പൊതു മാർക്കറ്റ് ആക്കി മാറ്റുകയും അതുവഴി ദേശീയ തലത്തിൽ ഒരു സംയോജിത സമ്പദ് വ്യവസ്ഥക്ക് വഴിയൊരുക്കുകയും ചെയ്യുക എന്നതാണ് GST ലക്ഷ്യമാക്കുന്നത്. കേന്ദ്രവും സംസ്ഥാനങ്ങളും ചുമത്തിയിരുന്ന വിവിധ നികുതികൾ ഒറ്റ നികുതിയായി ഏകോപിപ്പിക്കുകയും ഇടപാടുകളുടെ മൂല്യവർധന ശൃംഖലയുടെ എല്ലാ ഘട്ടത്തിലും മുൻഘട്ടനികുതികൾക്ക് കുറവ് നൽകുകയും ചെയ്യുന്നതിലൂടെ നികുതിയുടെ മേൽ നികുതി എന്നതിൻറ്റെ ദൂഷ്യഫലങ്ങൾ ലഘൂകരിക്കുകയും മത്സരക്ഷമത, ബിസിനസ്സ് പണലഭ്യത (ലികിഡിറ്റി) ഇവ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ചരക്കു സേവന നികുതി (GST) ഒരു ലക്ഷ്യാധിഷ്ഠിത നികുതിയാണ്. അത് വിവിധ ഘട്ടങ്ങളായുള്ള നികുതിശേഖരണ സംവിധാനം പിന്തുടരുന്നു. ഇതിൽ ഇടപാടുകളുടെ ഓരോ ഘട്ടത്തിലും നികുതി ചുമത്തപ്പെടുകയും അടുത്തഘട്ടത്തിൽ ആദ്യം അടച്ച നികുതിയുടെ ക്രെഡിറ്റ് സെറ്റ് ഓഫ് ആയി ലഭിക്കുകയും ചെയ്യുന്നു. നികുതി ബാധ്യത ഉപഭോക്താവിന് അടുത്തുവരെ കൈമാറ്റം ചെയ്യപ്പെടുന്നത്കൊണ്ട് വ്യവസായങ്ങളുടെ പണമൊഴുക്കും പ്രവർത്തന മൂലധന നിർവഹണവും മെച്ചപ്പെടുന്നു.

2. ചരക്കു സേവന നികുതി (GST) പ്രധാനമായും സാങ്കേതിക വിദ്യയാൽ നിയന്ത്രിക്കപ്പെടുന്നു. അത് വ്യക്തിഗത ഇടപെടൽ/സമ്പർക്കം കുറയ്ക്കുകയും തീരുമാനങ്ങൾ വേഗത്തിൽ ആക്കുകയും ചെയ്യുന്നു.

3. ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങളെയും സേവനങ്ങളെയും ദേശീയ/അന്താരാഷ്ട്ര തലങ്ങളിൽ മത്സരക്ഷമമാക്കുന്നതിലൂടെ ഗവണ്മെന്റിൻറ്റെ "മെയ്ക്ക് ഇൻ ഇന്ത്യ" സംരംഭത്തിന് GST വലിയ ഉത്തേജനമാകും. ഇറക്കുമതി ചെയ്യുന്ന എല്ലാ സാധനങ്ങൾക്കും കേന്ദ്ര GST-യും സംസ്ഥാന GST-യും ചേർന്ന തുകയ്ക്ക് തുല്യമായ ഇന്റഗ്രേറ്റഡ് GST (IGST) ചുമത്തപ്പെടും. ഇത് പ്രാദേശികഉത്പന്നങ്ങൾക്ക് നികുതി തുല്യത ലഭ്യമാക്കുന്നു.

4. ഇന്നത്തെ വ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായി ചരക്കു സേവന നികുതി സമ്പ്രദായത്തിൽ, കയറ്റുമതികൾ എല്ലാം സീറോ റേറ്റഡ് ആകുന്നതുകൊണ്ട് പരോക്ഷ നികുതികൾ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും

ഇടയിൽ വിഭജിക്കപ്പെട്ട് ചില നികുതികളുടെ റീഫണ്ട് കൊടുക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നില്ല. ഇത് അന്താരാഷ്ട്രവിപണിയിൽ ഇന്ത്യൻ കയറ്റുമതി വർധിപ്പിക്കുകയും വിദേശനാണ്യ പേമെൻറ് ബാലൻസ് നില മെച്ചപ്പെടുത്തുകയും ചെയ്യുന്നു. കൃത്യനിഷ്ഠയുള്ള കയറ്റുമതിക്കാർക്ക്, കയറ്റുമതിയെ സംബന്ധിച്ചു അവർ സമർപ്പിക്കുന്ന എല്ലാ റീഫണ്ട് അപേക്ഷകളുടെയും 90% തുക, ഏഴ് ദിവസത്തിനുള്ളിൽ അനുവദിച്ചുകൊടുക്കുന്നു.

5. നികുതിയുടെ അടിത്തറ വിപുലപ്പെടുത്തുകയും നികുതിനടപടിക്രമ പാലനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ട് GST വ്യവസ്ഥ ഗവ ണ്മെൻറ് വരുമാനം വർധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് ക്രമ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം മെച്ച പ്പെടുത്തുന്നതിനും GDP-യുടെ പ്രതീക്ഷിക്കുന്ന വളർച്ച 1.5% മുതൽ 2% വരെ ഉയർത്തുവാനും GST-ക്ക് കഴിയും.

6. പരോക്ഷ നികുതി നിയമങ്ങൾക്ക് GST കൂടുതൽ സുതാര്യത കൊണ്ടുവരും. സപ്ലൈ ശ്രുംഖലയുടെ ഓരോ ഘട്ടത്തിലും നികുതി ചുമത്തപ്പെടുകയും ആദ്യം അടച്ച നികുതിയുടെ ക്രെഡിറ്റ് അടുത്ത ഘട്ടത്തിൽ ക്രെഡിറ്റ് ആയി കുറവ് ലഭിക്കുകയും ചെയ്യുന്നതുകൊണ്ട് ഓരോ സപ്ലൈയുടെയും സാമ്പത്തിക മൂല്യവും നികുതി മൂല്യവും എളുപ്പത്തിൽ വേർതിരിച്ചറിയാൻ സാധിക്കുന്നു. വ്യവസായങ്ങൾക്ക് ക്രെഡിറ്റ് എടുക്കുന്നതിനും ഗവണ്മെന്റിനു നികുതി അടച്ചതിൻറെ കൃത്യത പരിശോധിക്കുന്നതിനും ഉപഭോക്താവിന് അടച്ച നികുതി തുക കൃത്യമായി അറിയുന്നതിനും ഇത് സഹായിക്കുന്നു.

7. നികുതിദായകർക്ക് കേന്ദ്ര ഗവൺമെൻറിൻറെയും സംസ്ഥാന സർ ക്കാരിൻറെയും സെൻട്രൽ എക്സൈസ്, സർവീസ് ടാക്സ്, വാറ്റ്, സെൻട്രൽ സെയിൽസ് ടാക്സ്, ഓക്ട്രോയ്, എൻട്രി ടാക്സ് ലക്ഷ്വറി ടാക്സ്, എന്റെർടൈന്മെന്റ് ടാക്സ് മുതലായ അനവധി പരോക്ഷ നികുതി നിയമങ്ങൾ പാലിക്കുകയും രേഖകൾ സൂക്ഷിക്കുകയും വേണ്ടി വരുന്നില്ല. സംസ്ഥാനത്തിനുള്ളിൽ നടത്തുന്ന സപ്ലൈകൾക്ക് വേണ്ടി സെൻട്രൽ ഗുഡ്സ് ആൻഡ് സെർവീസ്സ് ടാക്സ് ആക്ട് (CGST)-ലും സ്റ്റേറ്റ് (അല്ലെങ്കിൽ യൂണിയൻ ടെറിട്ടറി) ഗുഡ്സ് ആൻഡ് സെർവീസ്സ് ടാക്സ് ആക്ട് (SGST/UTGST)-ലും അന്തർ സംസ്ഥാന സപ്ലൈകൾക്ക് വേണ്ടി ഇൻറഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സെർവീസ്സ് ടാക്സ് ആക്ട് (IGST)-ലും (ഇതിലെ അടിസ്ഥാന സവിശേഷതകൾ എല്ലാം CGST-യിൽ നിന്നും SGST-യിൽ നിന്നും ഉൾക്കൊണ്ടിട്ടുള്ളതാണ്) നടപടിക്രമങ്ങൾ പാലിക്കുകയും രേഖകൾ സൂക്ഷിക്കുകയും ചെയ്താൽ മതിയാകും.

**2. ചരക്കു സേവന നികുതി (GST) യുടെ പ്രധാന സവിശേഷതകൾ**

ചരക്കു സേവന നികുതി (GST) യുടെ ശ്രദ്ധേയമായ സവിശേഷതകൾ താഴെ പറയുന്നവയാണ്:

i. ഒരു സാധനത്തിൻറ്റെ ഉല്പാദനത്തിന്മേലോ വിപണനത്തിന്മേലോ അല്ലെങ്കിൽ ഒരു സേവനത്തിന്മേലോ നികുതി ചുമത്തുക എന്ന നില വിലുള്ള ആശയത്തിൽ നിന്നും വ്യത്യസ്ഥമായി സാധനങ്ങളുടെയോ സേവനങ്ങളുടെയോ സപ്ലൈയുടെ മേലാണ് ചരക്ക് സേവന നികുതി ബാധകമാകുന്നത്. ഇത് ലക്ഷ്യാധിഷ്ഠിതമായ ഒരു ഉപഭോഗനികുതി ആയിരിക്കും. അതായത് ഉപഭോഗം നടക്കുന്ന സംസ്ഥാനത്തിലേക്കോ അല്ലെങ്കിൽ കേന്ദ്രഭരണപ്രദേശത്തേക്കോ നികുതി വരുമാനമായി എത്തി ച്ചേരുന്നു. പൊതുവായ നികുതി അടിത്തറയുടെ മേൽ കേന്ദ്രവും സംസ്ഥാനങ്ങളും ഒരേ സമയം ചുമത്തുന്ന നികുതി ആയിരിക്കും ഇത്. സാധനങ്ങളുടെയോ സേവനങ്ങളുടെയോ സംസ്ഥാനത്തിനുള്ളിൽ നട ത്തുന്ന സപ്ലൈയുടെ മേൽ കേന്ദ്രം ചുമത്തുന്ന നികുതിയെ സെൻട്രൽ ടാക്സ് (CGST) എന്നും സംസ്ഥാനങ്ങളും നിയമ നിർമാണസഭ ഉള്ള/ ഇല്ലാത്ത കേന്ദ്രഭരണപ്രദേശങ്ങളും ചുമത്തുന്ന നികുതിയെ ക്രമാനു സൃതം സ്റ്റേറ്റ് ടാക്സ് (SGST) എന്നും യൂണിയൻ ടെറിട്ടറി ടാക്സ് (UTGST) എന്നും വിളിക്കുന്നു.

ii. മനുഷ്യ ഉപഭോഗത്തിനുള്ള മദ്യവും, പെട്രോളിയം ക്രൂഡ്, മോട്ടോർ സ്പിരിറ്റ് (പെട്രോൾ), ഹൈ സ്പീഡ് ഡീസൽ, നാച്ചുറൽ ഗ്യാസ്, ഏവിയേഷൻ ടർബൈൻ ഫ്യൂവൽ എന്നീ അഞ്ചു പെട്രോളിയം ഉത്പന്നങ്ങളും ഒഴികെയുള്ള എല്ലാ സാധനങ്ങൾക്കും GST ബാധക മാണ്. പ്രത്യേകം പരാമർശിക്കപ്പെടാവുന്ന ചുരുക്കം ചില സേവന ങ്ങൾ ഒഴികെയുള്ള എല്ലാ സേവനങ്ങൾക്കും ഇത് ബാധകമായിരിക്കും. കേന്ദ്ര ഗവണ്മെന്റ് ഇപ്പോൾ ചുമത്തികൊണ്ടിരിക്കുന്ന താഴെ പറയുന്ന നികുതികൾക്ക് പകരമായി ചരക്ക് സേവന നികുതി നിലവിൽവരും:

(a) സെൻട്രൽ എക്സൈസ് ഡ്യൂട്ടി
(b) ഡ്യൂട്ടീസ് ഓഫ് എക്സൈസ് (മെഡിസിനൽ & ടോയ്‌ലറ്റ് പ്രിപ്പറേഷൻസ്)
(c) അഡീഷണൽ ഡ്യൂട്ടീസ് ഓഫ് എക്സൈസ് (ഗുഡ്സ് ഓഫ് സ്പെഷൽ ഇമ്പോർട്ടൻസ്)
(d) അഡീഷണൽ ഡ്യൂട്ടീസ് ഓഫ് എക്സൈസ് (ടെക്സ്റ്റൈൽസ് & ടെക്സ്റ്റൈൽ പ്രോഡക്ട്സ്)
(e) അഡീഷണൽ ഡ്യൂട്ടീസ് ഓഫ് കസ്റ്റംസ് (CVD എന്ന പേരിൽ അറിയപ്പെടുന്നത്)
(f) സ്പെഷൽ അഡീഷണൽ ഡ്യൂട്ടീസ് ഓഫ് കസ്റ്റംസ് (SAD)
(g) സർവീസ് ടാക്സ്
(h) ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലൈയുമായി ബന്ധ പ്പെട്ടുള്ള സെൻട്രൽ സർച്ചാർജുകളും സെസ്സുകളും.

iii. ചരക്ക് സേവന നികുതിയിൽ ലയിക്കുന്ന സംസ്ഥാനനികുതികൾ താഴെ പറയുന്നവയാണ്:

a) സ്റ്റേറ്റ് വാറ്റ്
b) സെൻട്രൽ സെയിൽസ് ടാക്സ്
c) ലക്ഷ്വറി ടാക്സ്
d) എൻട്രി ടാക്സ് (എല്ലാത്തരം)

e) എന്റർടൈൻമെന്റ് & അമ്യൂസ്മെന്റ് ടാക്സ് (തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ചുമത്തുന്നവ ഒഴികെ)
f) ടാക്സസ് ഓൺ അഡ്വെർടൈസ്മെൻറ്റ്,
g) പർച്ചേസ് ടാക്സ്
h) ടാക്സസ് ഓൺ ലോട്ടറീസ്, ബെറ്റിങ് & ഗാംബ്ലിങ്
i) ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലൈയുമായി ബന്ധപ്പെട്ടുള്ള സ്റ്റേറ്റ് സർച്ചാർജുകളും സെസ്സുകളും.

iv. നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള സാധനങ്ങളും സേവനങ്ങളും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും പൊതുവായുള്ളതാണ്.

v. ടേണോവറിൻറ്റെ അടിസ്ഥാനത്തിലുള്ള നികുതി ഒഴിവ്: മൊത്തം വാർഷിക ടേണോവർ 20 ലക്ഷം രൂപ വരെയുള്ളവർ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. അഖിലേന്ത്യ അടിസ്ഥാനത്തിലാണ് ഒരാളുടെ മൊത്തം ടേണോവർ കണക്കാക്കുന്നത്. വടക്ക്-കിഴക്കൻ സംസ്ഥാനങ്ങൾ, മലയോരസംസ്ഥാനങ്ങൾ തുടങ്ങിയ 11 പ്രത്യേക വിഭാഗ സംസ്ഥാനങ്ങളിൽ നികുതിയൊഴിവ് പരിധി 10 ലക്ഷം രൂപയാണ്. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുകൂല്യത്തോടെ നികുതിയൊഴിവ് പരിധിക്കുള്ളിൽ നിൽക്കുന്നവർക്കും വേണമെങ്കിൽ നികുതി അടക്കാം. അന്തർസംസ്ഥാന സപ്ലൈകൾ നടത്തുന്നവർക്കും റിവേഴ്സ് ചാർജ്ജ് അടിസ്ഥാനനത്തിൽ നികുതി അടയ്ക്കുന്നവർക്കും ടേണോവറിൻറ്റെ അടിസ്ഥാനത്തിലുള്ള നികുതി ഒഴിവിനു അർഹതയില്ല.

Vi കോമ്പോസിഷൻ ലെവി: 50 ലക്ഷം രൂപ വരെ മൊത്തം വാർഷിക ടേണോവർ ഉള്ള ചെറുകിട നികുതിദായകർക്ക് കോമ്പോസിഷൻ രീതിയിൽ നികുതി അടയ്ക്കാൻ അർഹതയുണ്ട്. ഈ സ്കീമിൽ ഒരു നികുതിദായകന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആനുകൂല്യമില്ലാതെ ടേണോവറിൻറ്റെ ഒരു നിശ്ചിത ശതമാനം നികുതിയായി അടയ്ക്കാം. CGST-യ്ക്കും SGST/UTGST ഓരോന്നിനും നികുതി നിരക്ക് താഴെപറയുന്നവയിൽ കൂടാൻ പാടില്ല.

* റസ്റ്റോറന്റ് മുതലായവയുടെ കാര്യത്തിൽ 2.5%
* ഉത്പാദനം നടത്തുന്നവർക്ക് ഒരു സ്റ്റേറ്റിൽ അല്ലെങ്കിൽ യൂണിയൻ ടെറിട്ടറിയിൽ ഉള്ള ടേണോവറിൻറ്റെ 1%
* മറ്റു സപ്ലയർമാർക്ക് സ്റ്റേറ്റിൽ അല്ലെങ്കിൽ യൂണിയൻ ടെറിട്ടറിയിൽ ഉള്ള ടേണോവറിൻറ്റെ 0.5%

കോമ്പോസിഷൻ ലെവി പ്രകാരം നികുതി അടയ്ക്കാൻ തിരഞ്ഞെടുത്ത ഒരാൾക്ക് കസ്റ്റമറുടെ പക്കൽ നിന്നും നികുതി പിരിക്കാനോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാനോ കഴിയില്ല. കോമ്പോസിഷൻ സ്കീം ഓപ്ഷൻ പ്രകാരമാണ്. അന്തർസംസ്ഥാന സപ്ലൈകൾ നടത്തുന്നവർക്ക് കോമ്പോസിഷൻ സ്കീമിന് അർഹതയില്ല. ഗവണ്മെന്റിന് GST കൗൺസിലിൻറ്റെ ശുപാർശപ്രകാരം ഈ സ്കീമിനുള്ള അർഹതയുടെ പരിധി ഒരു കോടി രൂപ വരെ ഉയർത്താം.

vii. ചരക്കുകളുടെയും സേവനങ്ങളുടെയും അന്തർ സംസ്ഥാന സപ്ലൈയുടെ മേൽ കേന്ദ്രസർക്കാർ ഇൻറ്റഗ്രേറ്റഡ് ടാക്സ് (IGST) ചുമത്തുന്നു.

ഇതിൽ ഉൾപ്പെടുന്ന SGST/UTGST ഭാഗം സാധനങ്ങൾ/സേവനങ്ങളുടെ ഉപഭോഗം നടക്കുന്ന ലക്ഷ്യ സംസ്ഥാനത്തിന് കൈമാറ്റം ചെയ്യുന്നതിനായി കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ കണക്കുകൾ ഇടയ്ക്കിടയ്ക്ക് തീർപ്പാക്കുന്നു.

viii. <u>ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറെ ഉപയോഗം:</u> ഇൻപുട്ടുകളുടെ മേൽ അടച്ച നികുതിയുടെ ക്രെഡിറ്റ് (input tax credit) എടുക്കുന്നതിനും അത് ഔട്ട്പുട്ട് ടാക്സ് അടയ്ക്കാൻ ഉപയോഗിയ്ക്കാനും നികുതിദായകനെ അനുവദിക്കുന്നു. എന്നിരുന്നാലും CGST-യുടെ ക്രെഡിറ്റ് SGST/ UTGST അടയ്ക്കാനോ തിരിച്ചോ ഉപയോഗിയ്ക്കാൻ പാടില്ല. IGST-യുടെ ക്രെഡിറ്റ് IGST, CGST, SGST/UTGST ഈ ക്രമത്തിൽ ഔട്ട്പുട്ട് ടാക്സ് അടയ്ക്കാൻ ഉപയോഗിയ്ക്കാം.

ix. ചരക്കു സേവന നികുതി സമ്പ്രദായത്തിൽ ചരക്കുകൾ തരം തിരിയ്ക്കാൻ HSN കോഡ് (Harmonized System of Nomenclature) ഉപയോഗിയ്ക്കുന്നു. ടേണോവർ ഒന്നരക്കോടി രൂപയിൽ കൂടുതലും അഞ്ചു കോടിയിൽ താഴെയും ഉള്ള നികുതിദായകർ രണ്ട് അക്ക കോഡും അഞ്ചു കോടി രൂപയോ അതിൽ കൂടുതലോ ഉള്ളവർ നാല് അക്ക കോഡും ഉപയോഗിക്കണം. ടേണോവർ ഒന്നരക്കോടി രൂപയിൽ താഴെ ഉള്ളവർ തങ്ങളുടെ ഇൻവോയ്സിൽ HSN കോഡ് കാണിക്കണമെന്നില്ല.

X. കയറ്റുമതിയും, പ്രത്യേക സാമ്പത്തിക മേഖല (SEZ)-യിലേക്കുള്ള സപ്ലൈയും സീറോ റേറ്റഡ് സപ്ലൈകളായി കണക്കാക്കുന്നു. എക്സ്പോർട്ട് നടത്തുന്ന ആൾക്ക് ഒന്നുകിൽ ഔട്ട്പുട്ട് ടാക്സ് അടച്ചതിനു ശേഷം അതിൻറെ റീഫണ്ട് വാങ്ങുകയോ അല്ലെങ്കിൽ ഒരു ബോണ്ടിൻറെ അടിസ്ഥാനത്തിൽ നികുതി അടയ്ക്കാതെ കയറ്റുമതി ചെയ്യുകയും അതിൻറെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറെ റീഫണ്ട് അവകാശപ്പെടുകയും ചെയ്യാം.

Xi. സാധനങ്ങളുടെയും സേവനങ്ങളുടെയും ഇറക്കുമതി അന്തർ സംസ്ഥാനസപ്ലൈ ആയി കണക്കാക്കുകയും ബാധകമായ കസ്റ്റംസ് ഡ്യൂട്ടി കൂടാതെ IGST-യും ചുമത്തുകയും ചെയ്യുന്നു. തുടർന്നുള്ള ഇടപാടുകൾക്ക് ഇപ്രകാരം അടച്ച IGST-യുടെ ക്രെഡിറ്റ് എടുത്ത് ഉപയോഗിക്കാം.

**3. <u>GST കൗൺസിൽ</u>**: കേന്ദ്രവും സ്റ്റേറ്റുകളും തമ്മിലും സ്റ്റേറ്റുകൾ തമ്മിൽ തമ്മിലും ചരക്കു സേവന നികുതിയുടെ വിവിധ വശങ്ങളെ സംബന്ധിച്ച് ഉള്ള സംയോജനം GST കൗൺസിൽ സംവിധാനം ഉറപ്പാക്കുന്നു. ചരക്കു സേവന നികുതിയുടെ ഏകീകൃതഘടനയും സാധനങ്ങൾക്കും സേവനങ്ങൾക്കും സംയോജിതമായ ഒരു പൊതു ദേശീയ മാർക്കറ്റ് വേണ്ടതിൻറെ ആവശ്യകതയും ആയിരിക്കണം GST കൗൺസിൽ അതിൻറെ ചുമതലകൾ നിർവഹിക്കുമ്പോൾ മാർഗദർശകമായിരിക്കേണ്ടതെന്നു പ്രത്യേകമായി നിഷ്കർഷിച്ചിട്ടുണ്ട്. GST കൗൺസിൽ അതിൻറെ ശുപാർശകളിൽ നിന്നോ അവ നടപ്പാക്കുമ്പോഴോ ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾ നിലവിൽ വരുത്തണം.

4. <u>ഏറ്റവും കുറഞ്ഞ പരസ്പര ഇടപെടൽ (Minimum Interface):</u> ചരക്കു സേവന നികുതിയിൽ നികുതിദായകനും, നികുതി അധികാരിയും തമ്മിൽ ഏറ്റവും കുറഞ്ഞ വ്യക്തിഗത ഇടപെടൽ/സമ്പർക്കം മാത്രമേ ഉണ്ടാകുന്നുള്ളൂ. ഇത്തരത്തിലുള്ള ചില സുപ്രധാന വ്യവസ്ഥകൾ താഴെ പറയുന്നു.

(a) കേന്ദ്ര സംസ്ഥാന ഗവണ്മെന്റ് ഉദ്യോഗസ്ഥരെ പരസ്പര കാര്യങ്ങൾക്കായി അധികാരപ്പെടുത്തുന്നു (Cross Empowerment). സെൻട്രൽ GST ഉദ്യോഗസ്ഥനെ സ്റ്റേറ്റ് GST കാര്യങ്ങൾക്കും തിരിച്ചും അധികാരപ്പെടുത്തുന്നു.

(b) രജിസ്ട്രേഷൻ ഓൺ ലൈൻ ആയി നൽകുകയും, മൂന്നു പൊതു പ്രവർത്തിദിവസത്തിനുള്ളിൽ കുറവുകളൊന്നും അപേക്ഷകനെ അറിയിച്ചില്ലെങ്കിൽ അപേക്ഷ പരിശോധിക്കാൻ ചുമതലപ്പെട്ട നികുതി അധികാരി രജിസ്ട്രേഷൻ അനുവദിച്ചതായി കണക്കാക്കുകയും ചെയ്യും. കേന്ദ്ര, സംസ്ഥാന അധികാരികൾക്ക് ഒന്നിടവിട്ട് മാറി മാറി രജിസ്ട്രേഷൻ അപേക്ഷകൾ പരിശോധിക്കാനായി നൽകുന്നതാണ്.

(c) നികുതി വിധേയനായ വ്യക്തി സ്വയം അടയ്ക്കേണ്ട നികുതി നിർണ്ണയിക്കുകയും ഗവണ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും വേണം. നികുതിദായകൻ ഫയൽ ചെയ്യുന്ന റിട്ടേൺ സ്വയം അസ്സസ്സ് ചെയ്തതായി കണക്കാക്കും.

(d) നികുതി അടയ്ക്കേണ്ടത് ഇൻറ്റെർനെറ്റ് ബാങ്കിങ്ങ് വഴി ഇലക്ട്രോണിക് ആയിട്ടാണ്. കൂടാതെ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചോ, RTGS, NEFT എന്നിവ വഴിയോ നികുതി അടയ്ക്കാം. ചെറുകിട നികുതിദായകർ ബാങ്കിൻറ്റെ കൗണ്ടർ വഴി നികുതി അടയ്ക്കാൻ അനുവദിക്കും. നികുതിയടയ്ക്കാനുള്ള ചെല്ലാൻ ഓൺലൈൻ ആയി GST നെറ്റ് വർക്കിൽ നിന്നും പുറപ്പെടുവിയ്ക്കണം.

(e) നികുതിദായകൻ തൻറ്റെ ഔട്ട് വേഡ് സപ്ലൈകളുടെ വിവരങ്ങൾ നികുതി അധികാരിയെ നേരിട്ട് കാണേണ്ടതില്ലാതെ ഇലക്ട്രോണിക് ആയി സമർപ്പിക്കേണ്ടതാണ് ഇൻവേഡ് സപ്ലൈയുടെ വിവരങ്ങൾ ബന്ധപ്പെട്ട സപ്ലൈയർ ഫയൽ ചെയ്യുന്ന ഔട്ട് വേഡ് സപ്ലൈ വിവരങ്ങളിൽ നിന്നും ഓരോ നികുതിദായകനും ലഭിക്കുന്നതാണ്.

(f) നികുതിദായകൻ ഓരോ മാസവും, അയാൾ നടത്തിയ ഔട്ട് വേഡ് സപ്ലൈകളുടെ വിവരങ്ങൾ ഉൾകൊള്ളുന്ന റിട്ടേൺ, സ്വീകരിച്ച ഇൻവേഡ് സപ്ലൈയുടെ വിവരങ്ങൾ ഉൾകൊള്ളുന്ന റിട്ടേൺ, എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, അടയ്ക്കേണ്ട നികുതി, അടച്ച നികുതി മറ്റു നിശ്ചിത വിവരങ്ങൾ ഇവ ഇലക്ട്രോണിക് ആയി ഫയൽ ചെയ്യണം. റിട്ടേണിൽ എന്തെങ്കിലും തെറ്റായ വിവരങ്ങളോ, വിട്ടുകളഞ്ഞ വിവരങ്ങളോ ഉണ്ടെങ്കിൽ അത് അടുത്ത വർഷത്തെ സെപ്റ്റംബർ

മാസ റിട്ടേൺ ഫയൽ ചെയ്തതോ ചെയ്യേണ്ടതോ ആയ തീയതിയ്ക്ക് മുൻപ് സ്വയം തിരുത്താവുന്നതാണ്.

(g) പൊരുത്തപ്പെടാത്ത ഇൻവോയ്സുകളുടെ കാര്യത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറ്റെ തിരിച്ചടയ്ക്കലും വീണ്ടെടുക്കലും നികുതിദായകനെ നേരിട്ടു കാണാതെ ഇലക്ട്രോണിക് ആയി GSTN പോർട്ടൽ വഴി ചെയ്യാവുന്നതാണ്. ഇലക്ട്രോണിക് സംവിധാനം വ്യാജ ഇൻവോയ്സ് അടിസ്ഥാനത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതും ഒരേ ഇൻവോയ്സിൽ രണ്ടു പ്രാവശ്യം ക്രെഡിറ്റ് എടുക്കുന്നതും തടയുന്നു.

(h) നികുതിദായകനെ കണക്കുകളും രേഖകളും ഇലക്ട്രോണിക് ആയി സൂക്ഷിക്കുന്നതിന് അനുവദിയ്ക്കുന്നു.

<u>**5. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്:**</u> ഇൻപുട്ടിൻമേൽ റിട്ടേണിൽ സ്വയം നിർണ്ണയം നടത്തി അടച്ച നികുതിയുടെ ക്രെഡിറ്റ് (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്) എടുക്കാൻ നികുതിദായകനെ അനുവദിയ്ക്കുന്നു. നെഗറ്റിവ് ലിസ്റ്റിൽ പെടുന്ന ചില കാര്യങ്ങളുടെ ഒഴിച്ച് എല്ലാ ചരക്കുകളുടെ മേലും സേവനങ്ങളുടെ മേലും അടച്ച നികുതിയുടെ ക്രെഡിറ്റ് എടുക്കുന്നതിനും അത് ഔട്ട് പുട്ട് നികുതിയടയ്ക്കാൻ ഉപയോഗിക്കാനും കഴിയും. ഇൻപുട്ടുകൾ ബിസിനസ്സ് ആവശ്യങ്ങൾക്ക് ഉപയോഗിയ്ക്കുകയോ നികുതി വിധേയ സപ്ലൈ നടത്താൻ ഉപയോഗിയ്ക്കുകയോ ചെയ്യുന്നെങ്കിൽ മാത്രമേ ഇൻപുട്ടുകളുടെ മേൽ അടച്ച നികുതിയുടെ ക്രെഡിറ്റ് എടുക്കാൻ കഴിയുകയുള്ളു. മൂലധന വസ്തുക്കളുടെ (capital Goods) മേൽ അടച്ച നികുതിയുടെ ക്രെഡിറ്റ് അവ കിട്ടിയതിനു ശേഷം പലപ്പോഴായി അനുവദിയ്ക്കുന്ന ഇപ്പോഴത്തെ രീതിയ്ക്ക് പകരം GST-യിൽ അത് ഒറ്റ തവണയായി എടുക്കാവുന്നതാണ്. ഉപയോഗിയ്ക്കാതെ ബാക്കി നിൽക്കുന്ന ക്രെഡിറ്റ് ക്യാരി ഫോർവേഡ് ചെയ്യാം. ഇൻപുട്ട് സർവീസ് വിതരണം വഴി സേവനങ്ങളുടെ മേൽ അടച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഗ്രൂപ്പ് കമ്പനികളുടെയിടയിൽ വിതരണം ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ട്.

<u>**6. റീഫണ്ട്:**</u> ഓൺ ലൈൻ ആയി റീഫണ്ട് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ഒരു വർഷത്തിൽ നിന്നും രണ്ടു വർഷമായി കൂട്ടിയിട്ടുണ്ട്. പൂർണ്ണമായ അപേക്ഷ കിട്ടി 60 ദിവസത്തിനകം റീഫണ്ട് നൽകണം. നിശ്ചിത 60 ദിവസത്തിനകം റീഫണ്ട് നൽകിയില്ലെങ്കിൽ പലിശ കൊടുക്കേണ്ടതുണ്ട്. രണ്ടു ലക്ഷം രൂപയിൽ കുറഞ്ഞ റീഫണ്ട് അപേക്ഷകളിൽ നികുതിയുടെ ഭാരം മറ്റൊരാളിലേക്ക് കൈമാറിയിട്ടില്ലെന്നു തെളിയിക്കാൻ തെളിവായി രേഖകൾ നൽകേണ്ടതില്ല. അതിനായി സ്വയം ഒരു സർട്ടിഫിക്കറ്റ് നൽകിയാൽ മതി. കയറ്റുമതി ചെയ്യുന്നതുകൊണ്ടും ഇൻപുട്ട് നികുതി നിരക്ക് ഔട്പുട്ട് നികുതി നിരക്കിനേക്കാൾ കൂടുതലായതുകൊണ്ടും (inverted duty structure) ക്രെഡിറ്റ് കൂടിവരുന്നതിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറ്റെ റീഫണ്ട് അനുവദിയ്ക്കുന്നതാണ്

**<u>7. ഡിമാൻഡ്:</u>** നികുതി തർക്കങ്ങളിൽ സൂര്യാസ്തമയ വകുപ്പ് (sunset clause) എന്ന ഒരു സങ്കൽപം കൊണ്ടുവന്നിരിയ്ക്കുന്നു. സാധാരണ കേസുകളിൽ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്ന തീയതിയ്ക്ക് 3 വർഷത്തിനുള്ളിലും, തട്ടിപ്പ്, വസ്തുതകൾ ഒളിപ്പിയ്ക്കൽ തുടങ്ങിയുള്ള കേസുകളിൽ വാർഷിക റിട്ടേണിന്റെ തീയതി മുതൽ അഞ്ചു വര്ഷത്തിനുള്ളിലും അഡ്ജുഡിക്കേഷൻ ഉത്തരവുകൾ ഇറക്കേണ്ടതാണ്. സാധാരണ കേസുകളിൽ അഡ്ജുഡിക്കേഷൻ ഓർഡർ പാസ്സാക്കേണ്ട നിശ്ചിത തീയതിയ്ക്ക് മൂന്നുമാസത്തിൽ കുറയാത്ത സമയത്തും തട്ടിപ്പ്, വസ്തുതകൾ ഒളിപ്പിയ്ക്കൽ തുടങ്ങിയ കേസുകളിൽ ആറു മാസത്തിൽ കുറയാത്ത സമയത്തും കാരണം കാണിയ്ക്കൽ നോട്ടീസ് നൽകേണ്ടതാണ്. ഓഡിറ്റ് അല്ലെങ്കിൽ അന്വേഷണ ഘട്ടത്തിൽ അടയ്ക്കാതെ പോയതോ അടച്ചതിൽ കുറവു വന്നതോ ആയ നികുതിയും പലിശയും അടച്ചാൽ പിഴ ഇല്ലാതാവുകയോ വളരെ ചെറിയ നിരക്കിലാകുകയോ ചെയ്യുന്നു.

**<u>8. തർക്ക പരിഹാര സംവിധാനം -</u>** അഡ്വാൻസ് റൂളിംഗ്സ്: അഡ്വാൻസ് റൂളിംഗ് സംവിധാനം ചരക്ക് സേവന നികുതിയിലും തുടരുന്നുണ്ട്. ഇതിൻറ്റെ സവിശേഷതകൾ താഴെ പറയുന്നവയാണ്:

(a) ഇപ്പോൾ ഉള്ളതിലും കൂടുതൽ വിഷയങ്ങളിൽ റൂളിംഗ് ആവശ്യപ്പെടാൻ കഴിയും. സാധനങ്ങൾ അഥവാ സേവനങ്ങളുടെ ക്ലാസ്സിഫിക്കേഷൻ, സപ്ലൈയുടെ സ്ഥലവും സമയവും, നികുതി നിരക്ക്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറ്റെ അർഹത, നികുതിയടയ്ക്കാനുള്ള ബാധ്യത, രജിസ്റ്റർ ചെയ്യാനുള്ള ബാധ്യത, എതെങ്കിലും ഇടപാട് GST നിയമപ്രകാരമുള്ള സപ്ലൈ ആണോ എന്നത് ഇവയൊക്കെയാണ് അത്തരം വിഷയങ്ങൾ.

(b) പുതിയ പ്രവർത്തനങ്ങൾക്ക് മാത്രമല്ല, ഇപ്പോഴുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചും അഡ്വാൻസ് റൂളിംഗ് തേടാവുന്നതാണ്. കേന്ദ്ര നിയമപ്രകാരം ഇപ്പോൾ ഇല്ലാത്ത അപ്പീലിനുള്ള സൗകര്യം GST നിയമത്തിൽ ഉണ്ട്.

(c) അപേക്ഷകൻ അല്ലെങ്കിൽ ഡിപ്പാർട്മെൻറ്റ് അഡ്വാൻസ് റൂളിംഗിനെ പറ്റി പരാതിയുള്ളവരാണെങ്കിൽ റൂളിംഗിന് റിവിഷൻ ആവശ്യപ്പെട്ട് അപ്പീൽ അധികാരിയുടെ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാം. ഓരോ സ്റ്റേറ്റിലും ഒരു അഡ്വാൻസ് റൂളിംഗ് അതോറിറ്റിയും അപ്പലേറ്റ് അധികാരിയും ഉള്ളതുകൊണ്ട് കൂടുതൽ എളുപ്പമായി അഡ്വാൻസ് റൂളിംഗ് ലഭിക്കുന്നതാണ്.

**<u>9. GST നിയമത്തിലെ മറ്റു വ്യവസ്ഥകൾ:</u>**

പ്രത്യേകം പറയേണ്ട നിയമവ്യവസ്ഥകൾ ഇവയാണ്:

(i) സെൻട്രൽ എക്സൈസ് കസ്റ്റംസ് നിയമങ്ങളിൽ ഇപ്പോൾ ഉള്ളതുപോലെ ചരക്കുകളുടെ മൂല്യനിർണ്ണയം ഇടപാട് മൂല്യത്തിൻറ്റെ, അതായത് ഇൻവോയ്സിൽ കാണിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ ചെയ്യുന്നു. മുൻപ് നടത്തിയ സപ്ലൈക്ക്

സപ്ളിമെൻററി അല്ലെങ്കിൽ പുതുക്കിയ ഇൻവോയ്സ് കൊടുക്കുവാൻ അനുവദിക്കുന്നു.

(ii) നികുതിയടയ്ക്കാൻപുതിയ രീതിയിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്, നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ (NEFT), റിയൽ ടൈം ഗ്രോസ് സെറ്റിൽമെൻറ് (RTGS) എന്നിവ അനുവദിയ്ക്കുന്നു

(iii) ഇ-കോമേഴ്സ് കമ്പനികളെ ഗവണ്മെൻറ് വിജ്ഞാപനപ്പെടുത്തിയ നിരക്കിൽ അവരുടെ ഓൺ ലൈൻ പ്ലാറ്റ്ഫോം വഴി നടക്കുന്ന സപ്ലൈകൾക്ക് നികുതി പിരിക്കാൻ ചുമതലപ്പെടുത്തിയിരുന്നു

(iv) നികുതി നിരക്കിൽ വന്ന കുറവിന് സമാന്തരമായ കുറവ് സാധനങ്ങളുടെയും സേവനങ്ങളുടെയും വിലയിലും വരുത്തണമെന്ന് നിഷ്കർഷിച്ചുകൊണ്ട് അമിതലാഭം ഉണ്ടാക്കുന്നതിനെതിരെയുള്ള ഒരു നടപടി GST നിയമത്തിൽ ചേർത്തിരിക്കുന്നു.

## 10. വിവര സാങ്കേതിക വിദ്യയുടെ തയ്യാറെടുപ്പ്

ചരക്കു സേവന നികുതി നടപ്പിലാക്കുന്നതിന് കാര്യക്ഷമമായ ഒരു വിവര സാങ്കേതിക നെറ്റ് വർക്ക് നിലവിൽ വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. GST-യുടെ ആവശ്യത്തിലേക്കായി GSTN എന്ന് വിളിക്കുന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഉണ്ടാക്കിയിട്ടുണ്ട്. GSTN, ചരക്കു സേവന നികുതി നടപ്പാക്കാൻ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾക്കും നികുതിദായകർക്കും മറ്റു പങ്കാളികൾക്കും ഷെയർ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന വിവര സാങ്കേതിക സംവിധാനങ്ങളും സേവനങ്ങളും നൽകുന്നു. മറ്റു കാര്യങ്ങൾ കൂടാതെ GSTN-ൻറെ ചുമതലകളിൽ (i) രജിസ്ട്രേഷൻ എളുപ്പമാക്കുന്നു (ii) റിട്ടേൺ കേന്ദ്രസംസ്ഥാന അധികാരികൾക്ക് അയയ്ക്കുന്നു (iii) ഇൻറഗ്രേറ്റഡ് നികുതിയുടെ കണക്കുകൂട്ടലും സെറ്റിൽമെൻറും നടത്തുന്നു (iv) ബാങ്ക് നെറ്റ് വർക്കുമായി നികുതിയടച്ചതിൻറെ വിവരങ്ങൾ പൊരുത്തപ്പെടുത്തുന്നു (v) നികുതിദായകർ ഫയൽ ചെയ്ത റിട്ടേണിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾക്ക് മാനേജ്മെൻറ് ഇൻഫർമേഷൻ റിപ്പോർട്ടുകൾ നൽകുന്നു (vi) നികുതിദായകൻറെ പൊതു വിവരങ്ങൾ അനലൈസ് ചെയ്യുന്നു (vii) ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറെ പൊരുത്തപ്പെടുത്തലും തിരിച്ചടയ്ക്കലും വീണ്ടും അവകാശപ്പെടലും മറ്റും പരിശോധിക്കുന്നതിന് മാച്ചിംഗ് എൻജിൻ പ്രവർത്തിപ്പിക്കുന്നു. GST നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന തീയതി 2017 ജൂലൈ 1 ആണ്.

ചെറുകിട ഇടപാടുകാർക്ക് തങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതിന് ഒരു സ്റ്റാൻഡേർഡ് സോഫ്റ്റ് വെയർ GSTN ലഭ്യമാകുന്നതും അതുവഴി നേരിട്ട് GSTN വെബ് സൈറ്റിൽ റിട്ടേണുകൾ അപ്ലോഡ് ചെയ്യാൻ കഴിയുന്നതുമാണ്. ചെറുകിടക്കാർക്ക് നടപടിക്രമങ്ങൾ പാലിക്കുന്നത് എളുപ്പത്തിലാക്കാൻ ഇത് സഹായിക്കുന്നതാണ്.